പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6255 31.10.2011-ൽ മറുപടിക്ക്

## <u>മാലിന്യമുക്ത കേരളം പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യ നിർമ്മാർജന പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരില്ലെന്ന മിക്കപഞ്ചായത്തുകളുടെയും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾക്ക് ജീവനക്കാരുടെ കുറവുണ്ടെന്ന ചില ഗ്രാമപഞ്ചായത്തുകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | ബി) ഇക്കാര്യത്തിൽ പ്രത്യേക നടപടിയ്ക്കുള്ള ശ്രമങ്ങൾ സർക്കാർതലത്തിൽ സ്വീകരിച്ചു വരുന്നു. |
| സി) പഞ്ചായത്ത് വാർഡുതല ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകാലങ്ങളിൽ നീക്കി വച്ച തുകയിൽ ഗണ്യമായ ശതമാനം ചെലവഴിക്കാതെ പോയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>ഡി) എങ്കിൽ വരും കാലങ്ങളിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദമാക്കുമോ; | സി) & ഡി) വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഇ) | 'മാലിന്യമുക്ത കേരളം' പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകൾ മുഖേന എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | ഇ) | മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ചുകൊണ്ട് ശക്തമായ ഒരു സമ്പൂർണ്ണ ശുചിത്വക്യാമ്പയിൻ 2011 ഒക്ടോബർ മാസം രണ്ട് മുതൽ ഒരു വർഷക്കാലത്തേയ്ക്ക് ഒരു ജനകീയസംരംഭമായി സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഈ പരിപാടിയുടെ നടത്തിപ്പിനായി സംസ്ഥാനതലം മുതൽ ഗ്രാമതലങ്ങളിൽ വരെ കമ്മറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും, സെക്രട്ടറി കൺവീനറും, പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ, ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാ പ്രവർത്തകർ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ തുടങ്ങിയവർ പ്രസ്തുത കമ്മറ്റിയിൽ അംഗങ്ങളുമായിരിക്കും. ശുചിത്വ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ശുചിത്വ-ആരോഗ്യ-മാലിന്യ സംസ്കരണ വിഷയങ്ങൾ അടിസ്ഥാനമാക്കി ഊർജ്ജിത വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും പഠന പ്രവർത്തനങ്ങളും സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ മാലിന്യ സംസ്കരണ സംവിധാനം ശക്തമാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പല പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഒരു പ്രധാന ഘടകം ഗ്രാമപഞ്ചായത്തുകളിൽ ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഭാഗമായ സഹായവും വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശുചിത്വമിഷൻ മുഖേനയുള്ള പ്രത്യേക സാമ്പത്തിക സഹായവും നൽകുക എന്നുള്ളതാണ്. |

സെക്ഷൻ ഓഫീസർ